# 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടും സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്

# 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടും സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

1161/2017.

# ഉള്ളടക്കം


| | പേജ് |
|---|---|
| ഘടന | .. v |
| റിപ്പോർട്ട് | .. vii |
| വിയോജനക്കുറിപ്പ് | .. ix |
| സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബിൽ | .. 1 |

# സബ്ജക്ട് കമ്മിറ്റി IX
## (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും)
## (2016-2018)

### ഘടന

<u>ചെയർമാൻ</u> :

ഡോ. കെ.ടി.ജലീൽ

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം</u> :

ശ്രീ. ഇ. ചന്ദ്രശേഖരൻ,

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീമതി പി. അയിഷാ പോറ്റി

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. അനിൽ അക്കര

ശ്രീ. കെ. ആൻസലൻ

ശ്രീ. കെ. ബാബു

ശ്രീ. കെ.എസ്. ശബരീനാഥൻ

ശ്രീ. പി. വി. അൻവർ

ശ്രീ. പി. ഉബൈദുള്ള

ശ്രീ. ഇ.കെ. വിജയൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി.കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. രാജു. കെ.എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. ബിജു, അണ്ടർ സെക്രട്ടറി.

# 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

## (സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്)

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്കയച്ച 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ (ബിൽ നമ്പർ 73), സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2017 ജൂലൈ 18-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2017 ആഗസ്റ്റ് 9-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേ ദിവസം തന്നെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2017 ആഗസ്റ്റ് 16-ാം തീയതി സമിതി യോഗം ചേർന്ന് ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

4. വിയോജനക്കുറിപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

ഡോ. കെ. ടി. ജലീൽ

*ചെയർമാൻ,*

*സബ്ജക്ട് കമ്മിറ്റി IX.*

തിരുവനന്തപുരം,
2017 ആഗസ്റ്റ് 16.

# വിയോജനക്കുറിപ്പ്

2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് താഴെ പറയുന്ന കാരണങ്ങളാൽ വിയോജിപ്പ് രേഖപ്പെടുത്തുന്നു.

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ മുനിസിപ്പാലിറ്റിയുടെ രേഖാമൂലമുള്ള മുൻകൂട്ടിയുള്ള അനുവാദമില്ലാതെയും അനുവാദത്തിൽ നിർദേശിച്ചിട്ടുള്ള നിബന്ധനകൾക്ക് അനുസൃതമായിട്ടല്ലാതെ ഒരു മുനിസിപ്പൽ പ്രദേശത്ത് ഒരു അബ്കാരി ഷാപ്പ് സ്ഥാപിക്കുവാൻ സാധിക്കുമായിരുന്നില്ല. അതുപോലെ തന്നെ വിദ്യാഭ്യാസ സ്ഥാപനത്തിന്റെയോ, ആരാധനാ സ്ഥലത്തിന്റെയോ അടുത്ത് ഒരു അബ്കാരിഷാപ്പ് സ്ഥാപിക്കുന്നതിന് നിശ്ചിത ദൂരപരിധി പാലിക്കേണ്ടതും പ്രസ്തുത ദൂരപരിധിക്കുള്ളിൽ ഒരു അബ്കാരി ഷാപ്പ് സ്ഥാപിക്കുന്നതിന് അനുമതി നിഷേധിക്കുന്നതിനുള്ള അവകാശവും മുനിസിപ്പാലിറ്റികൾക്ക് നൽകിയിരുന്നു. പൊതുസമാധാനത്തിനും സൻമാർഗത്തിനും ശല്യമാകുന്ന ഒരു അബ്കാരി ഷാപ്പ് അത് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് നിന്നും 15 ദിവസത്തിനുള്ളിൽ മറ്റൊരു സ്ഥലത്തേക്ക് മാറ്റുവാനോ അല്ലെങ്കിൽ അടച്ചുപൂട്ടുവാനോ ഉത്തരവ് നൽകുവാനും മുനിസിപ്പാലിറ്റികൾക്ക് അനുവാദം ഉണ്ടായിരുന്നു.

മുനിസിപ്പാലിറ്റികളുടെ മേൽപ്പറഞ്ഞ അവകാശങ്ങളെല്ലാം എടുത്ത് കളയുന്ന ഒരു ഭേദഗതിയാണ് ഈ ഭേദഗതി ബില്ലിലൂടെ കൊണ്ടുവന്നിട്ടുള്ളത്. അധികാരവികേന്ദ്രീകരണ പ്രക്രിയയെ തന്നെ അട്ടിമറിക്കുന്നതും, മുനിസിപ്പാലിറ്റികളുടെ അധികാരത്തെ കവർന്നെടുക്കുന്നതുമായ ഈ ഭേദഗതി മദ്യവർജ്ജനമെന്ന സർക്കാരിന്റെ പൊതുനയത്തിന് കടകവിരുദ്ധവും, മദ്യമുതലാളിമാരെ സഹായിക്കുന്നതിനും വേണ്ടിയുള്ളതാണ്.

പുതിയ അബ്കാരി നയത്തോടെ മദ്യലഭ്യത കൂടുകയും നാട്ടിൽ നിലനിൽക്കുന്ന സാമൂഹികാന്തരീക്ഷവും, ശാന്തിയും, കുടുംബസമാധാനവും തകരുകയും വാഹനാപകടങ്ങൾ വർദ്ധിച്ചിട്ടുള്ളതുമായ ഇന്നത്തെ സാഹചര്യത്തിൽ ഈ ഭേദഗതി നിർദേശം കൂടി പ്രാവർത്തികമാക്കുമ്പോൾ നാട്ടിലെ ക്രമസമാധാന നില കൂടുതൽ തകരാറിലാകും എന്നതിനാൽ ഈ ഭേദഗതി നിർദേശത്തെ ശക്തമായി എതിർക്കുന്നു.

മഞ്ഞളാംകുഴി അലി (ഒപ്പ്)

അനിൽ അക്കര (ഒപ്പ്)

പി. ഉബൈദുള്ള (ഒപ്പ്)

കെ. എസ്. ശബരീനാഥൻ (ഒപ്പ്)

1161/2017.

# 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

(സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

## 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയെട്ടാം സംവൽസരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2017 ജൂൺ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 447-ാം വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 447-ാം വകുപ്പിൽ, (7) മുതൽ (10) വരെയുള്ള ഉപവകുപ്പുകളും വിശദീകരണവും വിട്ടുകളയേണ്ടതാണ്.

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് (2017-ലെ 19) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2017 ആഗസ്റ്റ് 16.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*